

# സ്രഷ്ടാവായ ദൈവം

1

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

പാഠം 14

# പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന ഈശോ



ഈശോ പിതാവായ ദൈവത്തോട്
എന്നും പ്രാർത്ഥിച്ചിരുന്നു.
അവിടുന്ന് ശിഷ്യൻമാരെ
പ്രാർത്ഥിക്കാൻ പഠിപ്പിച്ചു.

ദൈവാലയത്തിൽ പോയി

ഈശോ പ്രാർത്ഥിച്ചു.





മലമുകളിൽ പോയി

പ്രാർത്ഥിച്ചു.

വിജനപ്രദേശത്ത്

ആയിരുന്നപ്പോൾ പ്രാർത്ഥിച്ചു.





അത്ഭുതങ്ങൾ ചെയ്യുന്നതിനു
മുമ്പ് പ്രാർത്ഥിച്ചു.

വേദനയുണ്ടായപ്പോൾ
പ്രാർത്ഥിച്ചു.





കുരിശിൽ കിടന്ന്
പ്രാർത്ഥിച്ചു.

ഈശോ നമ്മോടും പ്രാർത്ഥിക്കുവാൻ പറയുന്നു.

ഇവിടുന്നു നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു.

ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണ്

‘ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ’

എന്ന പ്രാർത്ഥന.

# നമുക്കു പാടാം



സ്വർഗസ്ഥിതനാം താതാനിൻ

നാമം പൂജിതമാകണമേ

നിൻ രാജ്യം വന്നീടണമേ

നിൻ ഹിതമിവിടെ ഭവിക്കണമെ.

# ഈശോ പഠിപ്പിച്ച പ്രാർത്ഥന

സ്വർഗ്സ്ഥനായ ഞങ്ങളുടെ പിതാവേ,

അങ്ങയുടെ നാമം പൂജിതമാകണമെ,

---------------

ഞങ്ങൾക്കാവശ്യമായ ആഹാരം

ഇന്നു ഞങ്ങൾക്കു നൽകണമെ

----------

# കൈകൾ കൂപ്പാം

ഈശോയേ, പ്രാർത്ഥിക്കുവാൻ

ഞങ്ങളേയും പഠിപ്പിക്കണമേ



# നമുക്കു പാടാം



പ്രാർത്ഥന കേട്ടു കനിഞ്ഞീടണേ

ഞങ്ങൾക്കു നിൻവരം നൽകീടണേ

അറിവുകളും ആനന്ദദായകമാം

ജീവിതവും അലിവോടു നൽകീടണേ

പ്രാർത്ഥന--------

നന്മയിലും ദിവ്യമാം സ്നേഹത്തിലും

വളർന്നീടാൻ കനിവോടു കൃപയേകണേ

# മനഃപാഠമാക്കാം

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ-----

# ബോധ്യങ്ങൾ

* ഈശോ എപ്പോഴും തന്റെ പിതാവിനോട് പ്രാർത്ഥിച്ചിരുന്നു.

* ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണ് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'.



# മനോഭാവങ്ങൾ

* ഓരോ ദിവസത്തെയും പ്രധാന സന്ദർഭങ്ങളിൽ പ്രാർത്ഥിക്കണം.



# ശീലങ്ങൾ

* ഉണരുമ്പോഴും ഉറങ്ങുന്നതിനു മുൻപും ഞാൻ പ്രാർത്ഥിക്കും.




THANK
YOU